പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 155 — 27/06/2011 ൽ മറുപടിക്ക്

**സംസ്ഥാനത്തെ രണ്ടു രൂപ നിരക്കിൽ റേഷൻ കടകൾ വഴിയുള്ള അരി വിതരണവും അതിന്റെ ഭാവിയും**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ജി.എസ്.ജയലാൽ | : | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കിലോഗ്രാമിന് രണ്ടു രൂപ നിരക്കിൽ റേഷൻ കടകൾ വഴി ഇപ്പോൾ അരി വിതരണം നടത്തുന്നുണ്ടോ ; ഇത്തരത്തിൽ അരി വിതരണം സംസ്ഥാനത്ത് ആരംഭിച്ച തെന്നാണെന്ന് വ്യക്തമാക്കുമോ ? | (എ) | ഉണ്ട്.<br>തിരുവനന്തപുരം ജില്ലയിൽ 22/5/2009 മുതലും, മറ്റു ജില്ലകളിൽ 23/5/2009 മുതലുമാണ് രണ്ട് രൂപ നിരക്കിലുള്ള അരി വിതരണം ആരംഭിച്ചത്. |
| (ബി) | രണ്ട് രൂപ നിരക്കിലുള്ള അരി ഇപ്പോൾ സംസ്ഥാനത്ത് എത്ര പേർക്ക് ലഭിക്കുന്നുണ്ട്; ഈ അരി ലഭിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കുമോ ? | (ബി) | സംസ്ഥാനത്ത് രണ്ട് രൂപ നിരക്കിൽ ഭക്ഷ്യധാന്യം നല്കുന്ന പദ്ധതിയിൽ 65,96,129 കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. രണ്ടര ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കുടുംബങ്ങൾ, പ്രതിമാസം 25000/- രൂപയിൽ കൂടുതൽ കുടുംബ വരുമാനമുള്ളവർ. 2500 ചതുരശ്ര അടിയിൽ അധികം വലിപ്പമുള്ള വീടുള്ള കുടുംബങ്ങൾ എന്നിവരെ രണ്ട് രൂപ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | ബി.പി.എൽ ലിസ്റ്റിൽ പെടാത്ത എത്ര പേർക്ക് ഈ അരി ലഭിക്കുന്നുണ്ട് ; ഇതിനു വേണ്ടിയുള്ള എത്ര അപേക്ഷകൾ ഇപ്പോഴും തീർപ്പാകാതെ കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | ബി.പി.എൽ വിഭാഗത്തിൽ പെടാത്ത 4539642 കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു വേണ്ടിയുള്ള 16770 അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പുതിയ എന്തെങ്കിലും തരത്തിൽ ഇതിലും കുറഞ്ഞ വിലയ്ക്ക് കാർഡുടമകൾക്ക് അരി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ഡി) | ഈ പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ പ്രതിമാസം 25kg അരി നൽകുന്ന പദ്ധതി ഓണത്തിനു മുമ്പായി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.